പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: 389

26/06/2013 ൽ മറുപടിയ്ക്ക്

## കടൽക്ഷോഭം മൂലമുള്ള ദുരിതങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)<br>,, പി. കെ. ഗുരുദാസൻ<br>" പി. ശ്രീരാമകൃഷ്ണൻ<br>" ബി.സത്യൻ | ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | രൂക്ഷമായ കടൽക്ഷോഭം മൂലം ജനങ്ങൾ ദുരിതത്തിലാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) & (ബി) | ഉണ്ട്. രൂക്ഷമായ കടൽക്ഷോഭം അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ നിരവധി വീടുകൾ, ഫലവൃക്ഷങ്ങൾ മറ്റു മരങ്ങൾ എന്നിവക്കും, ചിലയിടങ്ങളിൽ തീരദേശ റോഡിനും നാശനഷ്ടങ്ങൾ ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കടൽഭിത്തി ഉള്ള സ്ഥലങ്ങളിൽ പോലും, അസാധാരണമായി ഉയർന്ന തിരമാലകൾമൂലം, കടൽഭിത്തിയും കടന്ന് വെള്ളം കരയ്ക്കെത്തി നാശനഷ്ടം ഉണ്ടാക്കിയിട്ടുണ്ട്.<br>കടലാക്രമണ ഭീഷണിയുള്ള സ്ഥലങ്ങളിൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് കടൽ ഭിത്തിയുടെ നിർമ്മാണം/പുനരുദ്ധാരണം എന്നിവ ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്. കടൽഭിത്തി ഇല്ലാത്ത സ്ഥലങ്ങളിൽ അവ നിർമ്മിക്കേണ്ടതിനുള്ള പ്രൊപ്പോസലുകൾ NABARD പദ്ധതിയിൽ ഉൾപ്പെടുത്തി അനുമതി നൽകുന്ന മുറയ്ക്ക് നടപടി കൈക്കൊള്ളുന്നതാണ്. അതിരൂക്ഷമായ കടൽക്ഷോഭം അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ താൽക്കാലിക പ്രതിരോധ പണികൾ നടത്തുവാൻ അതാത് ജില്ലാതല ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | കടൽ ഭിത്തികൾ യഥാസ്ഥലങ്ങളിൽ നിർമ്മിക്കാതിരുന്നത് കടലാക്രമണങ്ങൾ മൂലമുള്ള ദുരിതങ്ങൾ വർദ്ധിപ്പിക്കാൻ ഇടയായി എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? | | |

സെക്ഷൻ ഓഫീസർ